## ഗ്രാമവികസന കമ്മീഷണറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം.

(ഹാജർ: എച്ച്.നജീബ്)

ഗ്രാമവികസന വകുപ്പ് - ജീവനക്കാര്യം -കോഴിക്കോട് ബാലുശ്ശേരി ഭക്ഷ്യസംസ്കരണ പോഷകാഹാര കേന്ദ്രത്തിലെ ക്ലാർക്ക്-ടൈപ്പിസ്റ്റായ ശ്രീ.അരുൺ.എൽ.ന്റെ പേരുവിവരങ്ങൾ ടൈപ്പിസ്റ്റുമാരുടെ പൊതു സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തി- ഉത്തരവാകുന്നത് - സംബന്ധിച്ച്

---

ഉത്തരവ് നം.2229/എസ്റ്റാ.ഡി4/2020/സി.ആർ.ഡി തീയതി :24.11.2020

---

പരാമർശം:- 1) ബാലുശ്ശേരി എഫ്.സി.എം.സി. ഡയറക്ടറുടെ 15.01.2020, 17.03.2020 എന്നീ തീയതികളിലെ 21/FPNC 18 നമ്പർ കത്തുകൾ

2) 25.04.1989 ലെ ജി.ഒ(എം.എസ്)നം. 11/84/പി&എആർഡി

3) ഈ ഓഫീസിലെ 08.10.2018 ലെ 3354/എസ്റ്റാ.ഡി4/2017/സി.ആർ.ഡി. നമ്പർ ഉത്തരവ്

### ഉത്തരവ്

കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഭക്ഷ്യ സംസ്കരണ പോഷകാഹാര കേന്ദ്രത്തിലെ ക്ലാർക്ക്-ടൈപ്പിസ്റ്റായ ശ്രീ.അരുൺ.എൽ, ടിയാന്റെ പ്രൊമോഷൻ തസ്തിക തിരഞ്ഞെടുത്തുകൊണ്ടുള്ള ഡിക്ലറേഷൻ ഫോം പരാമർശം (1) പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്. പരാമർശം (2)-ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ **ടൈപ്പിസ്റ്റ് തസ്തികയാണ്** പ്രൊമോഷനായി തിരഞ്ഞെടുത്തിരിക്കുന്നത്.

ക്ലാർക്ക്-ടൈപ്പിസ്റ്റ് തസ്തികയിലെ അഡ്വൈസ് തീയതിയായ 25.05.2018 സീനിയോരിറ്റി തീയതിയായി കണക്കാക്കി ശ്രീ.അരുൺ.എൽ.ന്റെ പേരുവിവരങ്ങൾ 01.01.2017 മുതൽ 30.06.2018 വരെയുള്ള കാലയളവിൽ ഗ്രാമവികസന വകുപ്പിൽ നിയമിതരായ എൽ.ഡി. ടൈപ്പിസ്റ്റുമാരുടെ സീനിയോരിറ്റി ക്രമീകരിച്ചുകൊണ്ടുള്ള പരാമർശം (3) പ്രകാരമുള്ള സീനിയോരിറ്റി ലിസ്റ്റിൽ സീനിയോരിറ്റി നം.102 ശ്രീമതി. സുമമണി.എൽ. ന് തൊട്ടുതാഴെ 102(എ) ആയി സീനിയോരിറ്റി ക്രമീകരിച്ച് ഉത്തരവാകുന്നു. ഇതു സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട മേലധികാരി ശ്രീ.അരുൺ.എൽ.ന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

(ഒപ്പ്)

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താവ്:- ശ്രീ.അരുൺ.എൽ.ക്ലാർക്ക് ടൈപ്പിസ്റ്റ്, ബാലുശ്ശേരി ഭക്ഷ്യ സംസ്കരണ പോഷകാഹാര കേന്ദ്രം (മേലധികാരി മുഖേന)

പകർപ്പ് : -

1. അസി. ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) കോഴിക്കോട്
2. ഡയറക്ടർ, ബാലുശ്ശേരി ഭക്ഷ്യ സംസ്കരണ പോഷകാഹാര കേന്ദ്രം
3. ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻപ്രകാരം,

ജൂനിയർ സൂപ്രണ്ട്